## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : അനുപമ.റ്റി.വി. IAS)

**ഉത്തരവ് നം. ICDS/A3/1326/2020** തീയതി: 3..2..2020

വിഷയം :വനിത ശിശുവികസന വകുപ്പ് - ICDS അങ്കണവാടി വർക്കർമാർക്ക് വകുപ്പ് തല തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :

വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ICDS കളിലെ അങ്കണവാടി വർക്കർമാർ ഫീൽഡ്തല വിവരശേഖരണം നടത്തുമ്പോൾ കാലഹരണപ്പെട്ട തിരിച്ചറിയൽ കാർഡുകളാണ് ഉപയോഗിക്കുന്നതെന്നും ടി സാഹചര്യത്തിൽ വിവരശേഖരണം നടത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും പ്രോഗ്രാം ഓഫീസർമാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തുള്ള 33115 അങ്കണവാടി വർക്കർമാർക്കും തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനായി 4,97,800/- (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-47(P)34 OC എന്ന ശീർഷകത്തിൽ നിന്നും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജില്ല | അങ്കണവാടി വർക്കർമാരുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 46,000 |
| 2 | കൊല്ലം | 2723 | 41,000 |
| 3 | പത്തനംതിട്ട | 1389 | 21,000 |
| 4 | ആലപ്പുഴ | 2150 | 32,250 |
| 5 | കോട്ടയം | 2050 | 30,750 |
| 6 | എറണാകുളം | 2858 | 43,000 |
| 7 | ഇടുക്കി | 1561 | 23,500 |
| 8 | പാലക്കാട് | 2835 | 42,600 |
| 9 | തൃശ്ശൂർ | 3016 | 45,300 |
| 10 | മലപ്പുറം | 3808 | 57,200 |
| 11 | കോഴിക്കോട് | 2938 | 44,100 |
| 12 | വയനാട് | 874 | 13,200 |
| 13 | കണ്ണൂർ | 2504 | 37,600 |
| 14 | കാസർഗോഡ് | 1348 | 20,300 |
| | **ആകെ** | **33115** | **4,97,800** |

(നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ് രൂപ മാത്രം)

അതത് പ്രോഗ്രാം ഓഫീസർമാർ ജില്ലകൾക്കായി അനുവദിച്ച് നൽകിയിട്ടുള്ള തുകയ്ക്കുള്ളിൽ നിറുത്തിക്കൊണ്ട് തിരിച്ചറിയൽ കാർഡുകൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ധനവിനിയോഗ സാക്ഷ്യപത്രം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ്

1. പ്രോഗ്രാം ഓഫീസർമാർ
2. സൂപ്രണ്ട്, എ സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്